ടുന്ന അരൂർ പഞ്ചായത്തിലെ വിതരണ ശൃംഖലയിലേക്ക് ഇടയ്ക്കിടെ അടുത്തുള്ള ഏഴുപുന്ന പദ്ധതിയിൽ നിന്നും ജലം പമ്പ് ചെയ്ത് എത്തിക്കാറുണ്ട്. ഇതു തീരെ അപര്യാപ്തമാണ്. ചെമ്മീൻ സംസ്ക്കരണ കമ്പനികൾ വളരെയുള്ള ഈ തീരപ്രദേശത്തെ കുളങ്ങൾ, കിണർ ഇവയിലുള്ള ജലത്തിൽ എൽ. ഐ.സി, ധനസഹായത്തോടെ ഒരു പുതിയ പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ സംഭരണി ഒഴികെ (കുഴൽക്കിണർ വിതരണ ശൃംഖല മുതലായവ) മറ്റ് പണികൾ പൂർത്തീകരിച്ച് ഉന്നതതല സംഭരണിയ്ക്ക് ദർഘാസ് വിളിച്ചിരിക്കയാണ്. ഈ പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി പട്ടണക്കാട് പഞ്ചായത്തിലെ ശുദ്ധജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കപ്പെടും. അരൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തുറവൂർ പഞ്ചായത്തിൽ ഇപ്പോൾ ശുദ്ധ ജലവിതരണ പദ്ധതി നിലവിൽ ഇല്ല. എന്നാൽ അടുത്തുള്ള കുത്തിയതോട് പഞ്ചായത്തിൽ നിന്നും ഭാഗികമായി ശുദ്ധജല വിതരണം നടത്തുന്നു.

ഒ.ഇ.സി.എഫ് ന്റെ ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ചേർത്തലയും സമീപ പഞ്ചായത്തുകളിലേക്കുമുള്ള ശുദ്ധജല വിതരണ പദ്ധതി പ്രാവർത്തികമായിക്കഴിഞ്ഞാൽ മാത്രമേ അവിടത്തെ ശുദ്ധജല ക്ഷാമത്തിന് ശാശ്വത പരിഹാരം ഉണ്ടാകുകയുള്ളൂ.

61 (457) പൂഴിത്തോട്ടിലെ കുടിവെള്ള പ്രശ്നം

<u>ശ്രീമതി എൻ.കെ. രാധ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിലെ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് 3-ാം വാർഡിലെ പൂഴിത്തോട്ടിലെ കുടിവെള്ള പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചക്കിട്ടപ്പാറ ഗ്രാമീണ ശുദ്ധജല പദ്ധതിയിൽ നിന്നും ചക്കിട്ടപ്പാറ പഞ്ചായത്തിലെ മൂന്നാം വാർഡിലേക്ക് പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

62 (458) മഞ്ചനാട് വാട്ടർ സപ്ലൈ സ്കീം

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴുവന്നൂർ പഞ്ചായത്തിൽ മഞ്ചനാട് വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തന പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly